# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4633**

28/06/2013 - ലെ മറുപടിയ്ക്ക്

## കർഷക രജിസ്ട്രേഷൻ വഴി ലഭിച്ച വിവരങ്ങൾ കാർഷികാഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. കെ.ദാസൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷക രജിസ്ട്രേഷൻ നടപടികളിലൂടെ ലഭിച്ചിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ചു എന്തെല്ലാം തുടർനടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | **(എ)** കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തപക്ഷം അവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് എടുപ്പിക്കുകയും കൃഷി ഭവൻ വഴി നടപ്പാക്കുന്ന വിവിധ കാർഷിക പദ്ധതികളിലായി കർഷകർക്ക് അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ തന്നെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യുന്നു. |
| **(ബി)** സംസ്ഥാനത്തിന്റെ കാർഷികാഭിവൃദ്ധിക്ക് രജിസ്ട്രേഷൻ നടപടികളിലൂടെ ലഭിച്ച വിവരങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ; | **(ബി)** കർഷകരുടെ രജിസ്ട്രേഷനിലൂടെ അവരുടെ വിശദാംശങ്ങൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതുവഴി :-<br>1) കർഷകരുടെ ആനുകൂല്യങ്ങൾ യഥാസമയം അവരുടെ അക്കൗണ്ടിൽ എത്തുകയും അതുവഴി കൃഷി സമയബന്ധിതമായി ചെയ്യുവാൻ സാധിക്കുന്നു.<br>2) കർഷകന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മാത്രമായി കൃഷി ഭവനിൽ വരുന്നതിന്റെ ബുദ്ധിമുട്ട് അവസാനിക്കുന്നു.<br>3) സർക്കാർ സംവിധാനത്തിലെ പണം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായിക്കുന്നു.<br>4) കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരായ കൃഷി ഓഫീസർമാർക്ക് ഫീൽഡ്തല പ്രവർത്തനത്തിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം കാർഷികവൃത്തിയിലേർപ്പെട്ടവർക്ക് കർഷകരായി രജിസ്ട്രേഷൻ നടത്താൻ അവസരം ഒരുക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) | കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന എല്ലാ കർഷകരെയും ഇ-പേയ്മെന്റ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് കൃഷിഭവൻ തലത്തിൽ രജിസ്ട്രേഷൻ ഇപ്പോഴും തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ